(ബി) തൊഴിൽ വകുപ്പിന് വേണ്ടി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠനത്തിൽ പ്രധാനമായും ഉത്തർപ്രദേശ്, ആസ്സാം, പശ്ചിമബംഗാൾ, ബീഹാർ, ഒറീസ്സ എന്നീ സംസ്ഥാനങ്ങളിൽനിന്നുള്ള തൊഴിലാളികളാണ് വരുന്നത്. ഏജന്റുമാരുടെ ചൂഷണം സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇല്ല.

**അന്യസംസ്ഥാന തൊഴിലാളികളെക്കുറിച്ച് പഠനം**

**201 (246)** ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച് സംസ്ഥാന തൊഴിൽ വകുപ്പ് പഠനങ്ങൾ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ഓരോ വർഷവും എത്ര പേർ തൊഴിൽതേടി അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്നുണ്ടെന്നും അവർ ഏതെല്ലാം സംസ്ഥാനങ്ങളിൽപ്പെട്ടവരാണെന്നും വ്യക്തമാക്കാമോ ;

(സി) അന്യ സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്തുവാനും അവരുടെ ആരോഗ്യ സംരക്ഷണത്തിനും താമസസൗകര്യങ്ങൾക്കും പദ്ധതികൾ ആവിഷ്കരിക്കുവാനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) തൊഴിൽ വകുപ്പിനുവേണ്ടി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ പഠനം നടത്തി റിപ്പോർട്ട് സർക്കാരിനുസമർപ്പിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ തൊഴിൽ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഓരോ വർഷവും 2,35,000 അന്യസംസ്ഥാന തൊഴിലാളികൾ പുതുതായി കേരളത്തിൽ വരുന്നതായും അവർ ഉത്തർപ്രദേശ്, ആസ്സാം, പശ്ചിമബംഗാൾ, ബീഹാർ, ഒറീസ്സാ എന്നീ സംസ്ഥാനങ്ങളിൽനിന്നുമാണ് കൂടുതലായി വരുന്നതെന്നും പഠന റിപ്പോർട്ടിൽ പറയുന്നു.

(സി) നിലവിൽ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം അന്യസംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്യാൻ വ്യവസ്ഥയുണ്ട്. അന്യ സംസ്ഥാന തൊഴിലാളികൾക്ക് നിർബന്ധിത രജിസ്ട്രേഷൻ നൽകാനും താമസ സൗകര്യങ്ങൾ നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**അന്യസംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്ക് പുനരധിവാസ പദ്ധതി**

**202 (2487)** ശ്രീ. കെ. മുരളീധരൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. പാലോട് രവി :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അന്യസംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ പുനരധിവാസ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതിവഴി എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് ലഭിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ)-(സി) ഉണ്ട്. അന്യസംസ്ഥാന തൊഴിലാളികൾക്ക് പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ചെലവ് കുറഞ്ഞതും എന്നാൽ ഗുണനിലവാരമുള്ളതുമായ താമസ സൗകര്യങ്ങളും യോഗ്യമായ തൊഴിൽ അവസ്ഥയും അവരുടെ തൊഴിൽ സ്ഥലങ്ങൾക്ക് സമീപം പ്രദാനം ചെയ്യുന്നതിനുവേണ്ടി പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. കോർപ്പറേഷൻ പരിസരങ്ങളിലോ കുടിയേറ്റ തൊഴിലാളികൾ കൂടുതലുള്ള പ്രദേശങ്ങളിലോ പരീക്ഷണ അടിസ്ഥാനത്തിൽ തൊഴിലാളി അഭയ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് തൊഴിൽവകുപ്പ് ഉദ്ദേശിക്കുന്നു.

(ഡി) അന്യസംസ്ഥാന തൊഴിലാളികൾ കൂടുതലായി അധിവസിക്കുന്ന തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലാണ് പ്രാരംഭമായിട്ട് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്. ആയതിലേക്കായി മേൽജില്ലകളിൽ സർക്കാർ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി നടന്നുവരുന്നു.

## കേരള മൈഗ്രന്റ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി നിയമം നടപ്പാക്കാൻ പദ്ധതി

**203 (2488)** ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കേരള മൈഗ്രന്റ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി നിയമം നടപ്പാക്കാൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു ;

(സി) പദ്ധതിവഴി എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് ലഭിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട് ?

ഉത്തരം

(എ) കേരള മൈഗ്രന്റ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി ബിൽ 2013 സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) അന്യസംസ്ഥാന തൊഴിലാളികൾക്ക് വിവിധ ക്ഷേമപദ്ധതികൾ നടപ്പിലാക്കുക എന്നതാണ് ഉദ്ദേശ്യം.

LIBRARY ARCHIVES Kerala Legislative Assembly